**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4884** **13-03-2023 - ൽ മറുപടിയ്ക്ക്**

**അഭ്യസ്തവിദ്യരായ യുവതി-യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അഭ്യസ്തവിദ്യരായിട്ടുള്ള യുവതീ - യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സംരംഭങ്ങൾ തുടങ്ങുന്നതിനും സ്വകാര്യ, സർക്കാർ ജോലികൾ നേടുന്നതിനും സഹായം നൽകുന്നതിന് യുവജനകാര്യ വകുപ്പ് പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന യുവജന കമ്മീഷൻ നടത്തുന്ന വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതിയുടെ ഭാഗമായ 'ജോബ് ഫെസ്റ്റ്' സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെടുന്ന 7 കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചു വരുന്നു. കൂടാതെ, യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 14 ജില്ലകളിലും കമ്മീഷൻ അംഗങ്ങളുടെ നേതൃത്വത്തിൽ ഗ്രീൻ സോൺ പദ്ധതി സംഘടിപ്പിച്ചു വരുന്നു. തരിശു ഭൂമികൾ കണ്ടെത്തി അവയെ കൃഷി ഭൂമികളാക്കി മാറ്റി ഇതിലൂടെ യുവാക്കൾക്ക് ജീവിതമാർഗ്ഗം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണിത്. കൃഷിയുമായി ബന്ധപ്പെട്ട അറിവ് യുവജനങ്ങൾക്ക് പകർന്നു നൽകി അതിലൂടെ കാർഷികവൃത്തിയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിന് യുവാക്കളെ ബോധവാന്മാരാക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.<br>യുവതി ശാക്തീകരണത്തിന്റെ ഭാഗമായി യുവതികളെ സ്വയംപര്യാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി 'അവളിടം' എന്ന പേരിൽ 1040 യുവതി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ ക്ലബ്ബുകളുടെ നേതൃത്വത്തിൽ യുവതികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി കേക്ക് നിർമ്മാണം, ആഭരണ നിർമ്മാണം, തയ്യൽ പരിശീലനം, പേപ്പർബാഗ് നിർമ്മാണം എന്നിവയിൽ പരിശീലന പരിപാടികൾ ബോർഡ് സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ അഭ്യസ്ത വിദ്യരായിട്ടുള്ള യുവതി-യുവാക്കൾക്ക് സർക്കാർ ജോലി നേടുന്നതിനായി ബോർഡിന്റെ നേതൃത്വത്തിൽ ഓൺലൈൻ മത്സര പരീക്ഷാ പരിശീലന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മത്സര പരീക്ഷകളെ അഭിമുഖീകരിക്കുന്ന യുവതീ - യുവാക്കൾക്ക് വകുപ്പ് പ്രത്യേക പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | സംസ്ഥാനത്തെ യുവജനങ്ങൾക്ക് വിവിധ മേഖലകളിലെ പരീക്ഷകളിലും അഭിമുഖങ്ങളിലും ഉന്നതവിജയം കരസ്ഥമാക്കുന്നതിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ഓൺലൈൻ പരീക്ഷ പരിശീലന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്) പരീക്ഷ പരിശീലനം മുൻവർഷങ്ങളിൽ ഓൺലൈൻ മുഖേന നൽകിയിരുന്നു. പി.എസ്.സി മത്സര പരീക്ഷ പരിശീലന ക്ലാസ്സുകൾ മുൻ വർഷങ്ങളിലെപ്പോലെ നടപ്പിലാക്കി വരുന്നു. |
| (സി) | വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നുണ്ടോ; കണ്ണൂർ ജില്ലയിൽ ഭാവിയിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | കേരള സംസ്ഥാന യുവജന കമ്മീഷൻ തൊഴിൽമേളകൾ സംഘടിപ്പിക്കുന്നുണ്ട്. തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള KASE മായി സഹകരിച്ച് കമ്മീഷൻ തൃശ്ശൂരിൽ തൊഴിൽ മേള സംഘടിപ്പിച്ചു. KASEമായി സഹകരിച്ച് അട്ടപ്പാടി, തിരുവനന്തപുരം എന്നിവിടങ്ങളിൽ തൊഴിൽമേള സംഘടിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, കമ്മീഷൻ അംഗങ്ങളുടെ നേതൃത്വത്തിൽ അടൂർ, ചെങ്ങന്നൂർ, വയനാട്, കാസർകോട് എന്നിവിടങ്ങളിൽ 2023 മാർച്ച് മാസം തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിൽ തൊഴിൽമേള സംഘടിപ്പിക്കുവാൻ യുവജന കമ്മീഷൻ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ